<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338</u>  <u>08-08-2023 - ൽ മറുപടിയ്ക്ക്</u>

<u>ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്; വ്യക്തമാക്കാമോ; | (എ) | **31.08.2017ലെ സ.ഉ.(കൈ) നം. 176/2017/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01.09.2017 ലാണ് ഐ.കെ.എം -ലെ ജീവനക്കാർക്ക് അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്.** |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് പുതിയതായി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ; | (ബി) | **ഐ.കെ.എം ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.** |
| (സി) | ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കാമോ? | (സി) | സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഐ കെ എം -ൽ 21.06.2023 ന് ചേർന്ന ഐ.കെ.എമ്മിന്റെ 6-ാം മത് ഗവേണിംഗ് ബോഡി യോഗത്തിൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്ന വിഷയം സമർപ്പിക്കുകയും ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാകുന്നതുവരെ നിലവിലെ ശമ്പളത്തിൽ 20% വർദ്ധനവ് ഐ.കെ.എമ്മിന്റെ തനത് ഫണ്ടിൽ നിന്ന് അഡ്വാൻസായി അനുവദിക്കുന്നതിനും, പ്രസ്തുത നടപടി ഭാവിയിലെ ശമ്പള പരിഷ്കരണത്തിൽ ക്രമീകരിക്കും എന്ന വ്യവസ്ഥയിൽ 2023 ജൂൺ മാസം മുതൽ അനുവദിക്കുന്നതിന് ഗവേണിംഗ് ബോഡി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ മാസം മുതൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ